**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4448** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിൽ എത്ര സ്ഥിരം തൊഴിലാളികൾ, താല്കാലിക തൊഴിലാളികൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഫാമുകളിൽ 1911 സ്ഥിരം തൊഴിലാളികളും 998 താൽക്കാലിക തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 25/2021/ധന. തീയതി 08.02.2021 പ്രകാരം സർക്കാർ അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക 2021 മാർച്ചിലെ ശമ്പളത്തോടൊപ്പം സ്ഥിരം തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 08.02.2021ലെ സ.ഉ. (അച്ചടി) നം. 25/2021/ധന ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 4% ക്ഷാമബത്ത അനുവദിച്ചിരുന്നു. ഫാം തൊഴിലാളികളുടെ ശമ്പളം സ്പാർക്ക് സംവിധാനം വഴിയാണ് മാറി നൽകുന്നത്. സർക്കാർ ജീവനക്കാർക്ക്ശമ്പള പരിഷ്കരണം നടപ്പാക്കിയ ശേഷം പ്രത്യേകമായാണ് ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. ആയതിനാൽ തൊഴിലാളികൾ നിലവിൽ വാങ്ങിവരുന്ന ശമ്പളത്തിനും അതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കുമാണ് അർഹതയുള്ളത്. സ്പാർക്ക് സംവിധാനത്തിൽ ഇപ്പോൾ അനുവദിച്ച 3 ഗഡു ക്ഷാമബത്ത പ്രോസസ് ചെയ്യാൻ സാധിക്കാത്തതിനാൽ തൊഴിലാളികളുടെ ക്ഷാമബത്ത പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കാനാകാത്ത അവസ്ഥയാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | 2021 മാർച്ച് മാസം മുതൽ വാർഷിക ശമ്പള വർദ്ധനവിന് അർഹരായ സ്ഥിരം തൊഴിലാളികൾക്ക് അത് നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (സി) | ഫാം തൊഴിലാളികൾക്ക് ഗ്രേഡ്, ഇൻക്രിമെന്റ്, ക്ഷാമബത്ത എന്നിവ അനുവദിക്കുമ്പോഴാണ് ശമ്പള വർദ്ധനവ് സാധാരണയായി ലഭിക്കുന്നത്. ഇപ്രകാരം ഏതാനും ഫാമുകളിൽ വാർഷിക വർദ്ധനവ് നൽകാൻ സാധിച്ചിട്ടുണ്ട്. സ്പാർക്ക് സംവിധാനത്തിൽ പ്രോസ്സസ് ചെയ്യാൻ സാധിക്കാത്തതിനാൽ മറ്റു ഫാമുകളിൽ നൽകാൻ സാധിച്ചിട്ടില്ല. ഈ സാങ്കേതിക പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4448      10.08.2021 ൽ മറുപടിയ്ക്ക്

## കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ വേതനം

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | മറുപടി<br>ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകളിൽ എത്ര സ്ഥിരം തൊഴിലാളികൾ, താല്കാലിക തൊഴിലാളികൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഫാമുകളിൽ 1911 സ്ഥിരം തൊഴിലാളികളും 998 താൽക്കാലിക തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. |
| (ബി) സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 25/2021/ധന. തീയതി 08.02.2021 പ്രകാരം സർക്കാർ അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക 2021 മാർച്ചിലെ ശമ്പളത്തോടൊപ്പം സ്ഥിരം തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) 08.02.2021ലെ സ.ഉ. (അച്ചടി) നം. 25/2021/ധന ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 4% ക്ഷാമബത്ത അനുവദിച്ചിരുന്നു. ഫാം തൊഴിലാളികളുടെ ശമ്പളം സ്പാർക്ക് സംവിധാനം വഴിയാണ് മാറി നൽകുന്നത്. സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയ ശേഷം പ്രത്യേകമായാണ് ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. ആയതിനാൽ തൊഴിലാളികൾ നിലവിൽ വാങ്ങിവരുന്ന ശമ്പളത്തിനും അതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കുമാണ് അർഹതയുള്ളത്. സ്പാർക്ക് സംവിധാനത്തിൽ ഇപ്പോൾ അനുവദിച്ച 3 ഗഡു ക്ഷാമബത്ത പ്രോസസ് ചെയ്യാൻ സാധിക്കാത്തതിനാൽ തൊഴിലാളികളുടെ ക്ഷാമബത്ത പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കാനാകാത്ത അവസ്ഥയാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) 2021 മാർച്ച് മാസം മുതൽ വാർഷിക ശമ്പള വർദ്ധനവിന് അർഹരായ സ്ഥിരം തൊഴിലാളികൾക്ക് അത് നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (സി) ഫാം തൊഴിലാളികൾക്ക് ഗ്രേഡ്, ഇൻക്രിമെന്റ്, ക്ഷാമബത്ത എന്നിവ അനുവദിക്കുമ്പോഴാണ് ശമ്പള വർദ്ധനവ് സാധാരണയായി ലഭിക്കുന്നത്. ഇപ്രകാരം ഏതാനും ഫാമുകളിൽ വാർഷിക വർദ്ധനവ് നൽകാൻ സാധിച്ചിട്ടുണ്ട്. സ്പാർക്ക് സംവിധാനത്തിൽ പ്രോസ്സസ് ചെയ്യാൻ സാധിക്കാത്തതിനാൽ മറ്റ് ഫാമുകളിൽ നൽകാൻ സാധിച്ചിട്ടില്ല. ഈ സാങ്കേതിക പ്രശ്നം |

പരിഹരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ഓഫീസർ